# 85. ഏലിയാസ് കാനെററി

1980 നവംബറിൽ ഒരു ഉദര ശസ്ത്രക്രിയയ്ക്കു വിധേയനായി കോഴിക്കോട്ട് മെഡിക്കൽ കോളേജ് ആസ്പത്രിയിൽ മൂന്നാഴ്ച ഞാൻ കിടക്കുകയുണ്ടായി. ആസ്പത്രിയുടെ ഭരണവിഭാഗത്തിൽ ഒരു ഉദ്യോഗസ്ഥനായ ശ്രീ വേണു അക്കാലത്ത് ഒരു പേപ്പർബാക്ക് നോവൽ എനിക്കു വായിക്കാൻ തന്നു. 'കുററിയിൽ കെട്ടി തീയെരിക്കൽ' (Auto-da Fe) എന്നു പേരുള്ള ആ നോവലിലെ നായകൻ വിയന്നാ നഗരത്തിലെ സമ്പന്നനും അരക്കിറുക്കനുമായ ഒരു പണ്ഡിതനാണ്. ചൈനീസ് ഭാഷയിലും സംസ്കാരത്തിലും അഗാധമായ വിജ്ഞാനമുള്ള ഈ ഗവേഷകൻ—ഡോക്ടർ കീയേൻ—വളരെ വലിയ ഒരു പ്രൈവററ് ലൈബ്രറിയുടെ ഉടമയായിരുന്നു. പ്രാചീന ചൈനീസ് സാഹിത്യത്തിലെ നിഗൂഢതകളിലേക്കു വിശദമായ ഉൾക്കാഴ്ചയുള്ള ഡോക്ടർ കീയേൻ ഒരു ദുർബലനിമിഷത്തിൽ, പ്രായം ചെന്ന തന്റെ വീട്ടുവേലക്കാരിയെ വിവാഹംചെയ്തു. മുക്കാൽ കിറുക്കും മുഴുത്ത ധനദാഹവുമുള്ള ഈ 'ഭാര്യ'യുടെ കീഴിൽ അസഹ്യമായ മനോവേദനയനുഭവിക്കേണ്ടിവന്ന ഡോ. കീയേൻ അവിടെനിന്ന് ഒളിച്ചോടി നഗരത്തിലെ തെണ്ടികളുടെയും വേശ്യകളുടെയും കള്ളന്മാരുടെയും മദ്ധ്യത്തിൽ എത്തിപ്പെട്ടു. സ്വബോധമുള്ള ഒരു സഹോദരൻ എത്തി ഡോക്ടർ കീയേനെ രക്ഷിക്കാൻ ശ്രമിച്ചതു് ഫലിച്ചില്ല. ആ പൗരസ്ത്യ സംസ്കാര പണ്ഡിതൻ ഉന്മാദത്തിന്റെ പരമസീമയിലെത്തി, തന്റെ അമൂല്യമായ ഗ്രന്ഥശേഖരത്തിനു തീവെച്ച് അതിൽ ദഹിച്ചു.

മുമ്പ് ഒരു കൃതിയിലും എനിക്ക് അനുഭവപ്പെട്ടിട്ടില്ലാത്ത വൈശദ്യതീവ്രതയോടെയാണ് ഭ്രാന്തിന്റെ വിവിധ തലങ്ങളെ ഭയാനകമാംവിധം ഈ നോവലിൽ വരച്ചു കാട്ടിയിരുന്നതു്. ഈ നോവലിന്റെ കർത്താവായ ഏലിയാസ് കാനെററിക്കാണ് 1981 നവംബറിൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നല്കപ്പെട്ടിട്ടുള്ളതു്.

സ്പെയിൻ, പോർച്ചുഗൽ എന്നീ രാജ്യങ്ങളിലെ ജൂതന്മാരെ 'സെഫാർഡികൾ' എന്നു വിളിക്കുന്നു. 1905-ൽ ബൾഗേറിയയിൽ ജനിച്ച ഏലിയാസ് കാനെററി ഒരു സെഫാർഡിയാണ്. സ്പാനിഷിന്റെ ഒരു ഉപഭാഷയായ ലാഡിനോ ആണ് മാതൃഭാഷ; പക്ഷേ, സാഹിത്യരചനയ്ക്കു് കാനെററി തിരഞ്ഞെടുത്തതു് ജർമൻ ഭാഷയാണ്. തുർക്കിയിൽ വളർന്ന തന്റെ മുത്തച്ഛന് പതിനേഴു ഭാഷകളറിയാമായിരുന്നു എന്ന് കാനെററി പറയുന്നു. കാനെററിയുടെ അച്ഛൻ മരിച്ചതു് ഇംഗ്ലണ്ടിൽവെച്ചാണ്. സ്വിററ്സർലണ്ടിലും ആസ്ട്രിയയിലുമായി വിദ്യാഭ്യാസം നേടിയ കാനെററി രസതന്ത്രത്തിൽ പി എച്ച്. ഡി. ബിരുദം നേടി. എങ്കിലും സ്വധർമ്മമായി തിരഞ്ഞെടുത്തതു് സാഹിത്യമായിരുന്നു. ഹിററ്ലർ ആസ്ട്രിയ പിടിച്ചടക്കിയ 1935-ലാണ് കാനെററിയുടെ 'കുററിയിൽ കെട്ടി തീയെരിക്കൽ' പ്രസിദ്ധീകരിച്ചതു്. 'ലോകത്തിന്റെ മുഴുവൻ മനോവേദനയും ഒരൊററ ആളിൽ നമുക്കു തൊട്ടറിയാം' എന്ന് കാനെററി പ്രസ്താവിച്ചിട്ടുണ്ട്. നാത്സിസത്തിന്റെ വേലിയേററത്തിൽ യൂറോപ്യൻ സംസ്കാരത്തിനു വന്നുപെട്ട ദുരന്തമാണോ ഈ നോവലിലെ പ്രമേയം? 'കാഫ്കയുടെ മകനും യോനെസ്കോവിന്റെ അച്ഛനും' എന്ന് കാനെററി വാഴ്ത്തപ്പെട്ടതു് ഈ നോവലിനെ മുൻനിറുത്തിയായിരിക്കണം. അകാരണമായ ഭീതിയും സ്ഫടികസ്ഫുടമായ അസംബന്ധവും തമ്മിലുള്ള അസാധാരണമായ ഒരു ചേരുവ അതിൽ നമുക്കു കാണാം.

'മനുഷ്യവ്യക്തിയെ നാം കൈവിടാത്ത കാലത്തോളം, ഒന്നിനെയും നാം കൈവിടുന്നില്ല' എന്നു കാനെററി പറയുന്നുണ്ട്. ഈ വ്യക്തിവാദം നിമിത്തമാകാം, 1940–കളിൽ ഫാഷിസത്തിന് എതിരായിരുന്നുവെങ്കിലും കാനെററി പിന്നീട് അമേരിക്കൻ ചേരിയോടൊ റഷ്യൻ ചേരിയോടൊ രാഷ്ട്രീയമായി ചേർന്നു നിന്നില്ല.

ഹിററ്ലർ പിടിച്ചടക്കിയ ആസ്ട്രിയ വിട്ട് ബ്രിട്ടനിൽ പാർപ്പുറപ്പിച്ച കാനെററി യുദ്ധപൂർവ യൂറോപ്പിലെ സാഹിത്യസംസ്കാരം മുഴുവൻ തന്നിലേക്ക് ആവാഹിച്ചുകൊണ്ട് ശുദ്ധവും ഒട്ടൊക്കെ ദുരൂഹവുമായ ജർമൻ ഭാഷയിൽ സാഹിത്യരചന തുടർന്നു. 'ആൾക്കൂട്ടങ്ങളും അധികാരശക്തിയും' (1960), 'മാറാക്കേശിലെ ശബ്ദങ്ങൾ' (1967) മുതലായവയാണ് അദ്ദേഹത്തിന്റെ മററു പ്രധാന കൃതികൾ. കാനെററിയുടെ ഏഴു പുസ്തകങ്ങളുടെ ഇംഗ്ലീഷ് പരിഭാഷകൾ 'കണ്ടിനം പബ്ലിഷിങ് കമ്പനി' ബ്രിട്ടനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്ഥിരതാമസം ബ്രിട്ടനിലാണെങ്കിലും പാരീസ്സിലും റോമിലും ബെർലിനിലും വടക്കേ ആഫ്രിക്കയിലുമൊക്കെയായി നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരാളാണ് കാനെററി. 'മനുഷ്യനെ ഞാനറിയുംപോലെ കണിശമായി പടംപിടിച്ചു കാട്ടുന്നതിൽ എനിക്കു താല്പര്യമില്ല. അവനെ കണിശമായി പെരുപ്പിച്ചു കാട്ടുന്നതിലാണ് എനിക്കു താല്പര്യം' എന്ന് കാനെററി പറഞ്ഞിട്ടുണ്ട്. കണ്ടതു വിശദീകരിക്കുകയല്ല, കാലഘട്ടത്തിനു സാക്ഷ്യം വഹിക്കുകയും, നൈരാശ്യത്തിന്റെ ബൃഹത്തമങ്ങളും ഉദാത്തതമങ്ങളുമായ നിലവാരങ്ങൾ നിർമിക്കുകയുമാണ് അദ്ദേഹം ചെയ്യുന്നത് എന്ന് അമേരിക്കൻ വിമർശകയായ സൂസൻ സോൺടാഗ് പ്രസ്താവിച്ചിരിക്കുന്നു.

പ്രസിദ്ധിവിമുഖനാണ് കാനെററി. ഒരുലക്ഷത്തിഎൺപതിനായിരം ഡോളർ വിലവരുന്ന നോബൽസമ്മാനം പ്രഖ്യാപിക്കപ്പെടുന്ന സമയത്തു് ജർമനിയിൽ ബവേറിയയിലുള്ള ഒരാരോഗ്യകേന്ദ്രത്തിലായിരുന്നുവത്രേ അദ്ദേഹം. ആർക്കും അഭിമുഖസംഭാഷണം അനുവദിക്കാൻ അദ്ദേഹം തയ്യാറായില്ല.

## 86. ഡോ. കെ. എൻ. എഴുത്തച്ഛൻ

ഡോക്ടർ കെ. എൻ. എഴുത്തച്ഛനെ ഞാൻ അവസാനമായി കണ്ടതു് ഇക്കഴിഞ്ഞ വിജയദശമി ദിവസം ആയിരുന്നു. ഏതാനും മാസങ്ങൾ മുമ്പ് ഒരു പ്രഭാതത്തിൽ സ്വന്തം വീട്ടിൽ തലചുററി വീണതിനെത്തുടർന്ന് അദ്ദേഹത്തിന്റെ തുടയിലെ എല്ല് പൊട്ടിപ്പോവുകയുണ്ടായി. ശസ്ത്രക്രിയയും നീണ്ടുനിന്ന ഫിസിയോ തെറാപ്പിയുംമൂലം എഴുന്നേററു നടക്കാറായെങ്കിലും, പൂർണമായ സൗഖ്യം അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല. എല്ലു പൊട്ടിയ കാലിന് അല്പം നീളക്കുറവു വന്നുപെട്ടിരുന്നു. അലുമിനിയം ട്യൂബ് കൊണ്ടുള്ള ഒരു കക്ഷവടി (ക്രച്) ഉപയോഗിച്ചാണ് അദ്ദേഹം നടന്നിരുന്നതു്. ആയുർവേദ വിധിപ്രകാരമുള്ള ധാരയും കിഴിയും കൂടി കഴിഞ്ഞപ്പോൾ, അദ്ദേഹത്തിനു തുടയിൽ മുമ്പില്ലാതിരുന്ന വേദന തോന്നിത്തുടങ്ങി. അലോപ്പതി അനുസരിച്ചു ചികിത്സ ഒന്നും ഇനി ചെയ്യാനില്ലായിരുന്നു. അതിനാൽ, അലോപ്പതിയിലും ആയുർവേദത്തിലും ഒരുപോലെ വൈദഗ്ദ്ധ്യമുള്ള ഡോക്ടർ സി. കെ. രാമചന്ദ്ര